# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 7, No. 5 : മേയ് 2014** | **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**മലയാളം മാസ പത്രിക** | **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


***ധർമ്മ വാണി***

*ധന്യ ഭാഗ് സാബുൻ മിലീ,*
*നിർമല് പായാ നീർ,*
*ആവോ ധോയേ സ്വയം ഹീ,*
*മന് കേ മൈലേ ചീർ.*

ധന്യമായി, സോപ്പും കിട്ടി,
നിർമലമായ ജലവും കണ്ടു,
വരുവിൻ കഴുകുക സ്വയമേവ,
മനമാം മലിന വസ്ത്രങ്ങൾ.

— **എസ. എൻ. ഗോയങ്ക**

## മൂന്നു ദിന പ്രവചനം — 1

**എസ. എൻ. ഗോയങ്ക**

*(ഗോയങ്കജിയുടെ മൂന്നു ദിന ശിബിരത്തിലെ പ്രവചനം)*

മൂന്നുദിവസത്തെ ലഘു ശിബിരത്തിൽ പങ്കുചേരുവാൻ വേണ്ടി വന്നിരിക്കുന്നവരാണല്ലോ നിങ്ങൾ? മൂന്നുദിവസം വളരെ കുറവാണ്. എങ്കിലും നന്നായി, പത്തു ദിവസം ഒഴിവ് ഇല്ലാത്ത പഴയ സാധകരാണ്, മൂന്നു ദിവസത്തേക്കു വന്നു. സാധന തെല്ലു ശക്തി കുറഞ്ഞു വരികയാണെങ്കിൽ മൂന്നു ദിവസത്തെ ശിബിരം കൊണ്ടും കുറച്ചു ഫലം കിട്ടും. എല്ലാവരും പഴയ സാധകരായതിനാൽ സാധന ഗൗരവമായി ചെയ്യുവാൻ സാധിക്കും. സാധാരണ ശിബിരത്തിൽ ധാരാളം പുതിയ സാധകരും കാണും. അതിനാൽ പഴയ സാധകർക്ക് പലവിധ തടസ്സങ്ങളും നേരിടേണ്ടി വരാറുണ്ട്. എന്നാൽ ഇവിടെ എല്ലാവരും പഴയ സാധകരാണ്, ഗംഭീരമായി സാധന ചെയ്യുന്നവരാണ്, അതുകൊണ്ട് കൂടുതൽ നല്ല അന്തരീക്ഷമായിരിക്കും. മൂന്നു ദിവസമാണ്, എങ്കിലും ഗംഭീരമായി ജോലി ചെയ്താൽ വളരെ പ്രയോജനകരമായിരിക്കും. ഇന്നു മുഴുവൻ ആനാപാന ചെയ്തു. നാളെ രാവിലെ വിപശ്യന ആരംഭിക്കും.

എന്താണ് ആനാപാന? എന്താണ് വിപശ്യന? ഈ സമ്പൂർണ്ണ സാധനയുടെ സവിശേഷത എന്താണ്? പഴയ സാധകരായതിനാൽ ഇതെല്ലാം വളരെ വ്യക്തമായി അറിയാവുന്നതാണ്. പലരും ഒന്നിലധികം ശിബിരങ്ങളിൽ പങ്കെടുത്തിട്ടുള്ള വരായിരിക്കാം, ചിലർ ഒരു ശിബിരം മാത്രവും. എന്നാലും കാര്യം മനസ്സിലായിട്ടുണ്ടാകും. എങ്കിലും വളരെ ചുരുക്കിപ്പറയാം. ഏതെങ്കിലും കാര്യം നന്നായി മനസ്സിലായിട്ടില്ലെങ്കിൽ, അത് നന്നായി മനസ്സിലാക്കാം. ഏട്ടവും പ്രധാനപ്പെട്ട കാര്യം ഈ സാധനാമാർഗ്ഗം ധർമ്മത്തിന്റെ മാർഗ്ഗമാണ്, മതാധിഷ്ഠിത സമ്പ്രദായത്തിന്റെ മാർഗ്ഗമല്ല. ഈ മാർഗ്ഗത്തിലൂടെ കുറച്ചു ദൂരമെങ്കിലും പോയിട്ടുള്ള വ്യക്തിക്ക് ധർമ്മവും മറ്റു സമ്പ്രദായങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് നല്ലതുപോലെ മനസ്സിലാക്കുവാൻ സാധിക്കും. ഈ മാർഗ്ഗത്തിലൂടെ മുന്നോട്ടു പോകുംതോറും സാമ്പ്രദായിക വിശ്വാസങ്ങൾ വിട്ടുപോയികൊണ്ടിരിക്കുന്നു എന്നു ള്ളതുതന്നെയാണ് ഒരു വ്യക്തി ധർമ്മത്തിൽ മുന്നേറുന്നു എന്നതിന് തെളിവ്. സമ്പ്രദായങ്ങളിൽ ഇപ്പോഴും പറ്റിപ്പിടിച്ചിരിക്കുന്നു എങ്കിൽ ഈ വ്യക്തിക്ക് മുന്നേറുവാൻ ഇനിയും ധാരാളം സമയം വേണ്ടിവരും, അനേകം തടസ്സങ്ങളുണ്ടായിരിക്കും.

ധർമ്മം സാർവ്വജനീനമാണെന്ന് സാധകൻ നല്ലതുപോലെ മനസ്സിലാക്കുന്നു. സാർവ്വജനീനവും, സാർവ്വദേശീയവും, സാർവ്വകാലികവുമാണെങ്കിലെ ധർമ്മമാകുകയുള്ളു. അല്ലെങ്കിൽ ധർമ്മമല്ല. മതാധിഷ്ഠിത സമ്പ്രദായമാണെങ്കിൽ അത് ഒരു സമുഹ പ്രത്യേകത്തിനുവേണ്ടിയായിരിക്കും, എല്ലാ വർക്കും വേണ്ടിയുള്ളതായിരിക്കുകയില്ല. ധർമ്മം ബൗദ്ധ ധർമ്മമാകുന്നതോടെ, അത് കേവലം ബൗദ്ധൻമാർക്കു വേണ്ടിയുള്ളതായിതീരുന്നു. ഹിന്ദു ധർമ്മം കേവലം ഹിന്ദുക്കൾക്ക് വേണ്ടിയുള്ളതാണ്. അതുപോലെ ക്രിസ്തീയ ധർമ്മം കേവലം ക്രിസ്ത്യാനികൾക്കും, ഇസ്ലാം ധർമ്മം കേവലം മുസ്ലീംങ്ങൾക്കും, സിഖു ധർമ്മം സിഖുകാർക്കും, പാർസി ധർമ്മം പാർസികൾക്കും, യഹുദധർമ്മം യഹൂദികൾക്കും വേണ്ടിയുള്ളതാണ്. കാരണം അവയൊക്കെ സമ്പ്രദായങ്ങളല്ലേ? എന്നാൽ ധർമ്മമാണെങ്കിൽ അതെല്ലാവർക്കുമുള്ളതായിരിക്കും. അത് ഏതെങ്കിലും ഒരു സമൂഹത്തിനു വേണ്ടി മാത്രമാവുന്നില്ല. പ്രകൃതിയുടെ നിയമത്തെയാണ് ധർമ്മമെന്ന് പറയുന്നത്. അത് എല്ലാവരേയും ഒരു പോലെ നിയന്ത്രിക്കുന്നു. ജീവനുള്ളതിനും

ജീവനില്ലാത്തതിനും ഇതു ബാധകമാണ്. സർവ്വത്തിലും ആരുടെ ശാസനമാണോ നടപ്പി ലാക്കുന്നത്, ആ സർവ്വശക്തിയായ പ്രകൃതിയുടെ നിയമമാണ്. വിശ്വവിധാനമാണ്. നിയതിയുടെ നിയമമാണ്, ഋത്താണ്, അതെ, അതാണ് ധർമ്മം. അത് ഏതെങ്കിലും ഒരു സമ്പ്രദായത്തിന്റെതാ കുന്നതെങ്ങനെ?

ഈ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നയാൾക്കു ഇതു എന്താണെന്ന് ശരിക്കു വെളിവാകുന്നതാണ്. അടിയടിയായി എങ്ങനെയാണ് മുന്നേറുന്നത്? സമ്പ്രദായങ്ങളിലൊന്നും പെട്ടുപോകുന്നില്ലല്ലോ? സാർവ്വജനീനം തന്നെയല്ലെ! ധർമ്മം സാർവ്വ ജനീനമല്ലെ! അപ്പോൾ ആദ്യ ചുവടു അഥവാ കാൽവെപ്പ്, ശീലം, സദാചാരം പാലിക്കുക എന്നതായിരിക്കും. ശീലവാനായി, സദാചാരിയായി ജീവിതം നയിക്കുക, എന്നുള്ളത് ഒരു പ്രത്യേക മതത്തിന്റെയും കുത്തകയല്ല, മോണോപൊളിയല്ല, ആരുടെയും ഏകാധികാരമല്ല. ശീലസദാചാര സംയുക്തമായ ജീവിതം പ്രകൃതിയുടെ നിയമവുമായി എങ്ങനെ ബന്ധപ്പെട്ടുകിടക്കുന്നു എന്നും സാധകൻ ശരിക്കും മനസ്സിലാക്കുന്നു.

ആദ്യമായി സാധന അഭ്യസിക്കുവാൻ വരുന്ന സാധകർ, അഞ്ചു ശീലമോ എട്ടു ശീലമോ പാലിക്കാതെ മുന്നോട്ടുള്ള സാധന പഠിപ്പിക്കുകയില്ല എന്നുപറയുമ്പോൾ അത് അനുസരിക്കുവാൻ തയ്യാറാകുന്നു. പത്തു ദിവസത്തെ കാര്യമല്ലെ, ശരി അനുസരിച്ചേക്കാം എന്നാകും കരുതുക. സാഹചര്യങ്ങൾ അനുകൂലമായിരിക്കുന്നതിനാൽ അത് എളുപ്പവുമാകും. പിന്നീട് ആലോചിച്ചു തുടങ്ങും എന്തിനുവേണ്ടി ഞാനീ ശീലങ്ങൾ പാലിക്കണം? ബുദ്ധിയുടെ തലത്തിൽ കുറേശ്ശേ കുറേശ്ശേ മനസ്സിലായിതുടങ്ങും എന്താണ് ശീലസദാചാരങ്ങൾ? ഞാൻ എന്റെ വാക്കു കൊണ്ടോ ശരീരംകൊണ്ടോ മറ്റു ജീവികളുടെ സുഖവും ശാന്തിയും നശിപ്പിക്കുന്ന ഒരു കാര്യവും ചെയ്യാതിരിക്കുക. അപ്പോൾ മനസ്സിലാകും മനഷ്യനല്ലെ, മനഷ്യനൊരു സമൂഹജീവിയല്ലേ. അവന് സമൂഹത്തിലല്ലേ ജീവിക്കേണ്ടത്. വീടുപേക്ഷിച്ച് സന്യാസജീവിതം നയിക്കുന്ന ഭിക്ഷുവായാലും ഭിക്ഷുണിയായാലും അവർക്കും സമൂഹവുമായി ബന്ധമുണ്ടായിരിക്കും. അപ്പോൾ പിന്നെ ഗൃഹസ്ഥരുടെ കാര്യം എന്തുപറയാൻ! സമൂഹത്തിൽ തന്നെയാണ് ജീവിക്കേണ്ടത്. സമൂഹത്തിൽ ജീവിച്ചുകൊണ്ട് സാമൂഹിക വ്യവസ്ഥകളെ തകർക്കുന്നതോ, സമൂഹത്തിന്റെ സുഖശാന്തിയെ നശിപ്പിക്കുന്നതോ ആയ പ്രവർത്തികൾ ചെയ്യുന്നത് ശരിയല്ല. എനിക്കു ചുറ്റുമുള്ളവരുടെ സമാധാനം നശിപ്പിച്ചാൽ എനിക്കെങ്ങനെ സമാധാനം ലഭിക്കും? എനിക്ക് ചുറ്റും ഞാൻ തീ കത്തിച്ചാൽ എനിക്കെങ്ങനെ തണുപ്പനുഭവപ്പെടും? തീ ചുറ്റും കത്തിച്ചാൽ അതിന്റെ താപമല്ലാതെ കുളിരെങ്ങനെ ലഭിക്കും?

അതുകൊണ്ട് മറ്റുള്ളവരുടെ കൂടെ ജീവിക്കണമെങ്കിൽ അവരുടെ സുഖവും സമാധാനവും നഷ്ടപ്പെടുത്തുന്നതൊന്നും ഞാൻ ചെയ്യരുത്. കാര്യം മനസ്സിലായി, ബുദ്ധിയുടെ തലത്തിൽ കുറെശ്ശേ മനസ്സിലായി. കൂടാതെ ലൗകിക തലത്തിൽ നോക്കുമ്പോഴും സദാചാര ജീവിതം നയിക്കുന്നില്ല എങ്കിൽ പല വിഷമങ്ങളും ഉണ്ടാകുന്നതായി കാണാം. ആരെയെങ്കിലും വധിക്കുന്നു എന്ന് വിചാരിക്കുക, സർക്കാരിന്റെ നിയമമനുസരിച്ചു ശിക്ഷയനുഭവിക്കേണ്ടി വരും. കളവു ചെയ്താലും ശിക്ഷയനുഭവിക്കേണ്ടി വരും. വ്യഭിചരിച്ചാലും ശിക്ഷ കിട്ടും. കള്ളം പറഞ്ഞ് വഞ്ചിച്ചാലും ശിക്ഷ കിട്ടും. മദ്യമാദകവസ്തുക്കൾ സേവിച്ച് ആരെയെങ്കിലും ഉപദ്രവിച്ചാലും ശിക്ഷ ലഭിക്കും. അപ്പോൾ ബുദ്ധിയുള്ളവൻ ഈ രാജ്യത്തെ നിയമങ്ങൾ അനുസരിച്ച് ജീവിക്കുന്നതാണ് ശരിയെന്നു തീരുമാനിക്കും. മാത്രമല്ല വലിയ പേരുദോഷവും നേരിടും. ആളുകൾ തെറ്റു ചെയ്തവനെന്നും കൊള്ളരുതാത്തവനെന്നുമൊക്കെ പറയും. അതുകൊണ്ട് നാട്ടുമര്യാദക്കു വേണ്ടിയും തനിക്കു വേണ്ടിയും സർക്കാരിൽ നിന്നും ശിക്ഷ ലഭിക്കാതിരിക്കുന്നതിനു വേണ്ടിയും ശീലങ്ങൾ പാലിച്ചു തുടങ്ങും. കൂടാതെ ദുരാചാരപൂർണ്ണമായ ജീവിതം നയിക്കുന്നതുകൊണ്ട് തന്റെ ഈ ജീവിതം മാത്രമല്ല, ഭാവിയിൽ ലഭിച്ചേക്കാവുന്ന ജീവിതവും ദുഃഖ പൂർണ്ണമായിരിക്കും, അധോഗതിയായിരിക്കും നേരിടേണ്ടി വരിക. സദാചാരജീവിതം നയിച്ചാൽ ഈ ജന്മം മാത്രമല്ല, ഭാവിയും സുഖ പൂർണ്ണമായിരിക്കും. ഇങ്ങനെ ഭാവിയേയും പരലോകത്തെയും കുറിച്ച് ചിന്തിച്ചും ശീലവാനായി ജീവിക്കുവാനാഗ്രഹിക്കും. സദാചാരിയായി ജീവിക്കു വാനാഗ്രഹിക്കും. എന്നാൽ ഈ മാർഗ്ഗമാണെങ്കിൽ സാധകനെ ഇതിനെക്കാളുമെല്ലാം ഉയർന്ന അവസ്ഥയിൽ എത്തിക്കും.

എല്ലാവരും പഴയ സാധകരാണ്. വിദ്യയിൽ പാകത നേടുംതോറും വളരെ വ്യക്തമായി വരുന്ന ഒരു കാര്യമുണ്ട് ഞാൻ എന്റെ സദാചാരത്തിന് ഭംഗം വരുത്തുമ്പോഴെല്ലാം, അഞ്ചു ശീലങ്ങളിൽ ഏതെങ്കിലും ഒരെണ്ണം പാലിക്കാതിരിക്കുമ്പോഴെല്ലാം മനസ്സിന്റെ ഉപരി തലത്തിൽ മനസ്സിലാക്കുന്നു – ഞാൻ മറ്റുള്ളവരുടെ സുഖവും സമാധാനവും നശിപ്പിക്കുന്നുണ്ട്, അവരെ ദുഃഖിതരാക്കുന്നുണ്ട്. എന്നാൽ വിപശ്ശന ചെയ്ത് അന്തർമുഖിയായി സ്വന്തം അകത്തുള്ള സത്യം കണ്ടുതുടങ്ങുമ്പോൾ മനസ്സിലാകും മറ്റുള്ളവർക്ക് ഹാനി ഉണ്ടായാലും ഇല്ലെങ്കിലും അതിനു മുൻപേ സ്വന്തം ഹാനി സംഭവിക്കുന്നു എന്ന്. മറ്റുള്ളവരുടെ സമാധാനം നശിപ്പിക്കുന്നതിനു മുൻപേ ഞാൻ എന്റെ സുഖവും സമാധാനവുമാണ് നശിപ്പിക്കുന്നത്. മറ്റുള്ളവർക്ക് കഷ്ടപ്പാടുവരുത്തുന്നതിനു മുൻപേ, ഞാൻ എനിക്കു തന്നെയാണ് കഷ്ടപ്പാടുവരുത്തുന്നത്.

അന്തർമുഖിയായി അകത്തുള്ള സത്യത്തെ നോക്കാത്തയാൾക്ക്, അതായത് വിപശ്ശന ചെയ്യാത്തയാൾക്ക്, ബുദ്ധിയുടെ തലത്തിൽ ഇക്കാര്യം മനസ്സിലാക്കി സ്വീകരിച്ചാലും അനുഭവ തലത്തിൽ അറിയുവാൻ കഴിയുകയില്ല. വിപശ്ശന ചെയ്യുന്ന ആളാണെങ്കിൽ ശരിക്കും മനസ്സിലാക്കും. അതിനായി ഉള്ളിലേക്കു നോക്കും, സ്വന്തം അകത്തേക്കു നോക്കും. ഈ പ്രവൃത്തിയാണ് ചെയ്യുന്നത്, അകത്തെന്താണ് നടക്കുന്നത്? എന്റെ അകത്ത് എന്താണ് സംഭവിക്കുന്നത്? അറിയുവാൻ കഴിയും – എനിക്ക് വധിക്കുവാൻ കഴിയുകയില്ല. എന്റെ മനസ്സിൽ ഏതെങ്കിലും വികാരം ഉണർത്താതെ എനിക്ക് ഹത്യ ചെയ്യുവാൻ കഴിയുകയില്ല. ക്രോധം, വലിയ ക്രോധം, ശക്തിയായ ക്രോധം ഉണരും, ദ്വേഷ്യം ഉണരും, ദുർഭാവന ഉണരും; എങ്കിലല്ലേ ആരെയെങ്കിലും വധിക്കുവാൻ

കഴിയുകയുള്ളു? അല്ലെങ്കിൽ പിന്നെ എങ്ങനെ വധിക്കുവാൻ കഴിയും? ക്രോധം ഉണർന്നാൽ ഉടനെ പ്രകൃതി ശിക്ഷ നൽകുവാനും തുടങ്ങും. ക്രോധം ഉണർന്ന ഉടനെ വ്യാകുലനായിത്തീരും. ആരായി രുന്നാലും വ്യാകുലനായിത്തീരും. ഹിന്ദുവാണെ ങ്കിലും ശരി, മുസ്ലീമാണെങ്കിലും ശരി, ജൈനനോ, ക്രിസ്ത്യാനിയോ, ബൗദ്ധനോ ആണെങ്കിലും ശരി, സ്വന്തം ഉള്ളിൽ ക്രോധം ഉണർത്തിയാൽ വ്യാകുലനായി തീരുകതന്നെ ചെയ്യും.

വിപശ്ശിയാണെങ്കിൽ ഉടനെ മനസ്സിലാകും – നോക്കൂ, ഞാൻ ക്രോധം ഉണർത്തിയില്ലേ, പ്രകൃതി ശിക്ഷ തരുവാനും തുടങ്ങിയില്ലേ! നോക്കൂ, എത്രമാത്രം വ്യാകുലനായിത്തീർന്നു! ഉടനെ വ്യാകുലനായി തീർന്നില്ലേ. വിപശ്ശി അല്ലെങ്കിലും വ്യാകുലനായിത്തീരും. എന്നാൽ ആ പാവത്തിന് താൻ വ്യാകുലനായിത്തീർന്നു എന്ന ബോധം പോലുമില്ല. അയാളുടെ മനസു മുഴുവനും ക്രോധത്തിന് കാരണമായ വ്യക്തിയിൽ, സംഭവത്തിൽ കുരുങ്ങി കിടക്കും – ഇയാൾ ഇങ്ങനെ ചെയ്തു, അയാൾ ഇങ്ങനെ അപമാനിച്ചു, അനാവശ്യം പറഞ്ഞു, ഇഷ്ടമുള്ളത് നടക്കുവാൻ അനുവദിച്ചില്ല, മുതലായ കാര്യങ്ങൾ. മനസ്സു നിറയെ ഈ വിധ ചിന്തകളായിരിക്കും. എന്നാൽ തന്റെ അകത്തെന്താണ് നടക്കുന്നത്! ക്രോധം ഉണർന്ന ഉടനെ തന്റെ അകത്ത് എന്ത് സംഭവിച്ചു, അത് കണ്ടതേയില്ല. കാരണം അത് നോക്കുവാൻ പഠിച്ചിട്ടില്ല. ആരും പഠിപ്പിച്ചിട്ടുമില്ല. അപ്പോൾ പിന്നെ, അയാൾ വ്യാകുലനായി എന്നുതന്നെ എങ്ങനെ അറിയാൻ? – ക്രോധം ഉണർന്ന ഉടനെ താൻ വ്യാകുലനായി എന്ന്. ഇത് വിപശ്ശന ചെയ്യുന്ന വ്യക്തി ശരിക്കും മനസ്സിലാക്കും. ക്രോധം ഉണർന്നപ്പോൾ വ്യാകുലനായി. അതേപോലെ ഏതു വികാരം ഉണർത്തിയാലും ഉടനെ വ്യാകുല മായിത്തീരും. കളവു ചെയ്യണമെങ്കിൽ, നമ്മുടേ തല്ലാത്ത ഒരു വസ്തു കൈവശപ്പെടുത്തണമെങ്കിൽ, തട്ടിപ്പറിക്കണമെങ്കിൽ (ബലാലക്കേരേണ), സ്വന്തമാ ക്കണമെങ്കിൽ വലിയ ദുരാഗ്രഹമുണരണം. വ്യഭിചരിക്കണമെങ്കിൽ കാമവാസന ഉണരണം. കളവു പറഞ്ഞ് ആരെയെങ്കിലും വഞ്ചിക്കണമെങ്കിൽ അത്യാഗ്രഹമുണരണം, ഭയമുണരണം. അഹങ്കാരം ഉണരണം; ഏതെങ്കിലും വികാരം ഉണർന്നെങ്കിലെ ഇവയെല്ലാം ചെയ്യുവാൻ കഴിയു.

അപ്പോൾ കാണാം മനസ്സിൽ വികാരം ഉണർത്തിയ ഉടനെ പ്രകൃതി ശിക്ഷ നൽകുവാനും ആരംഭിച്ചു. വികാരം ഉണർന്നു, ശിക്ഷ ലഭിച്ചു. ഇതിന് ഹിന്ദുത്വവുമായോ, ഇസ്ലാമുമായോ, യാതൊരു ബന്ധവുമില്ല എന്ന് വളരെ വ്യക്തമായി മനസ്സിലാകും. ജൈനരുമായോ ബൗദ്ധരുമായോ ക്രിസ്തീയരുമായോ യാതൊരു ബന്ധവുമില്ല. ആരു വികാരം ഉണർത്തിയാലും പ്രകൃതി ശിക്ഷ നൽകും. വികാരമുണർത്തിയ വ്യക്തി തന്നെ ബൗദ്ധനെന്നു വിളിച്ചാലും ഭഗവാൻ ബുദ്ധന്റെ പ്രതിമക്കു മുൻപിൽ തലകുനിക്കുന്നവനായാലും, ബുദ്ധനിൽ ഭക്തിയുള്ള വനായാലും ശിക്ഷയിൽ നിന്നും ഒഴിഞ്ഞുമാറാൻ കഴിയില്ല. ഒരാൾ താൻ ജൈനനാണെന്ന് പറയുന്നു, ജൈനമതമനുസരിച്ചുള്ള എല്ലാവിധ ഉപവാസങ്ങളും അനുഷ്ഠിക്കുന്നവനാണ്; ക്രോധം ഉണർത്തിയെങ്കിൽ ഇവനെ ശിക്ഷിക്കരുത്. മറ്റൊരാൾ തന്നെ ഹിന്ദുവാണെന്ന് പറയുന്നു. ഇന്ന പുണ്യ തീർത്ഥത്തിൽ പോയി സ്നാനം ചെയ്യുന്നയാളാണ്. പാപം അകന്നയാളാണ് എന്നു പറയുന്നു, ഇന്ന അനുഷ്ഠാനങ്ങൾ ചെയ്യുന്നവനാണ്; ഈ ദേവി, അല്ലെങ്ങിൽ ദേവന്റെ ഉപാസകനാണ്, അതു കൊണ്ട് ഇയാൾക്ക് ശിക്ഷ നൽകരുത്. ഇനിയൊരാൾ സിഖുമതക്കാരനാണ്, ഇതുപോലൊക്കെ വേഷം ധരിക്കുന്നവനാണ്, ഇയാളെ ശിക്ഷിക്കരുത്. പ്രകൃതി ആരുടെയും പക്ഷപാതിയല്ലല്ലോ? സ്വയം എന്തു പേരിട്ടു വിളിച്ചാലും, ഏതു കർമ്മാനുഷ്ഠാനങ്ങൾ ചെയ്താലും, ഏതു വേഷഭൂഷകൾ അണിഞ്ഞാലും, പ്രകൃതി ശിക്ഷിക്കുകതന്നെ ചെയ്യും. തന്റെയുള്ളിൽ വികാരം ഉണർത്തിയാൽ ഉടനെ ശിക്ഷയും കൊടുക്കും. ഈ കാര്യം മനസ്സിലായാൽ – ഈ ജാതി മതങ്ങളുമായി യാതൊരു ബന്ധവുമില്ല, പ്രകൃതിയുടെ നിയമം എല്ലാവർക്കും ഒരേപോലെ ബാധകമാണ്. വികാരം ഉണർത്തിയാൽ പ്രകൃതി ശിക്ഷിക്കും. വികാരവിമുക്തനായാൽ പ്രകൃതി സമ്മാനവും നൽശും, പുരസ്ക്കാരവും നൽകും. മനസ്സിൽ നിന്ന് വികാരം അകന്ന ഉടനെ മനസ്സ് നിർമ്മലമാകും. തനിയെ മൈത്രി നിറയും. കരുണ നിറയും. സദ്ഭാവന നിറയും. അപ്പോൾ കാണാം അകത്ത് എത്ര സുഖം! എത്ര സമാധാനം! ഇപ്പോൾ ആ വ്യക്തി ഹിന്ദുവായാലും മുസൽമാനായാലും, ജൈനനായാലും ക്രിസ്ത്യാനിയായാലും ബൗദ്ധനാ യിരുന്നാലും യാതൊരു വ്യത്യാസവുമില്ല. പ്രകൃതി ഉപഹാരം നൽകുക തന്നെ ചെയ്യും. ആരു മനസ്സിലെ മാലിന്യം അകറ്റി, നിർമ്മലമാക്കി, സദ്ഗുണങ്ങളാൽ മനസ്സ് നിറക്കുന്നുവോ, അയാൾക്ക് ഉപഹാരം ലഭിക്കും. ഉടൻ ലഭിക്കും. മരിച്ചതിനു ശേഷമെന്തായിരിക്കും, അതു മരിച്ചതിനു ശേഷമറിയാം, തീർച്ചയായും ലഭിക്കും. എന്നാൽ ഇപ്പോൾ എന്താണ് സംഭവിക്കുന്നത്? വൈകി ക്കുകയില്ല.

ഒരു രാജ്യത്തിലെ നിയമം ആരെങ്കിലും ലംഘിച്ചാൽ ഒരു പക്ഷെ, അവിടത്തെ അധികാരിക്കു, ന്യായാധിപന് തെറ്റുപറ്റി, ശിക്ഷ ലഭിച്ചില്ലാ എന്നുവരാം. രാജ്യത്തെ ശിക്ഷയിൽ നിന്നും രക്ഷപ്പെട്ടെന്നിരിക്കാം. എന്നാൽ പ്രകൃതിയുടെ നിയമം ലംഘിക്കുന്നയാൾക്ക് ഒരിക്കലും ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാനാവുകയില്ല. നിയമം ലംഘിച്ചാൽ ഉടനെ ശിക്ഷ ലഭിക്കും. അതേപോലെ, നിയമം പാലിച്ചാൽ ഉടനെ ഉപഹാരവും ലഭിക്കും. ഇതിൽ യാതൊരു തെറ്റും സംഭവിക്കുകയില്ല. ഇങ്ങനെ വിപശ്ശന സാധകൻ പ്രകൃതിയുടെ നിയമത്തെ അനുഭവം കൊണ്ട് മനസ്സിലാക്കി, അറിയുന്നു. പ്രകൃതിയുടെ നിയമം പൊതുവായി ഒറ്റനോട്ടത്തിൽ ഇതാണ് – മനസ്സിനെ വികാരം കൊണ്ട് വികൃതമാക്കിയാൽ വ്യാകുലനായിത്തീരും. പ്രകൃതി ശിക്ഷിക്കും. മനസ്സിനെ വികാര വിമുക്തമാക്കിയാൽ ഉടനെ വ്യാകുലതയിൽ നിന്നും മുക്തമാകും. അപ്പോൾ ഇതിൽ ജാതി മതങ്ങൾക്ക് കാര്യമൊന്നുമില്ല. ഇപ്പോൾ ശീലസദാചാരം പാലിക്കുന്നത് എന്തിനു വേണ്ടിയാണ് എന്ന് ശരിക്കും മനസ്സിലാകും.

ആദ്യന്തം എന്നിങ്ങനെ ചിന്തിച്ച് – സമൂഹജീവിയല്ലെ, സമൂഹത്തിലെ മറ്റു ജീവികളുടെ സമാധാനം നശിപ്പിക്കരുത്. ആരെങ്കിലും എന്റെ സുഖ സമാധാനങ്ങൾക്ക് എതിരായാൽ എനിക്കി ഷ്ടപ്പെടാത്തതുപോലെ തന്നെയല്ലെ അത്, എന്നിങ്ങനെ ചിന്തിച്ച് ശീലം പാലിക്കുവാൻ തുടങ്ങും. ആരെങ്കിലും എന്നെ അടിച്ചാൽ, എന്റെ

വസ്തുവകകൾ മോഷ്ടിച്ചാൽ, എന്നോട് കയർത്ത് സംസാരിച്ചാൽ, കളവു പറഞ്ഞ് ചതിച്ചാൽ ഇഷ്ടപ്പെടുകയില്ലല്ലോ. അതുകൊണ്ട് ഞാനും മറ്റുള്ളവരോട് അങ്ങനെയൊന്നും ചെയ്യരുത്. ഇങ്ങനെയെല്ലാം ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കും. അല്ലെങ്കിൽ രാജ്യത്തെ ശിക്ഷയെ ഭയന്ന്, അതുമല്ലെങ്കിൽ മരണാനന്തരം അധോഗതിയായിരിക്കും എന്നു ഭയന്നും ശീലങ്ങൾ സ്വീകരിക്കും. എന്നാൽ ധർമ്മമാർഗ്ഗത്തിലൂടെ മുന്നേറുമ്പോൾ, വിപശ്ശനയിലൂടെ മുന്നേറുമ്പോൾ ഈ പറഞ്ഞ കാരണങ്ങളെല്ലാം അപ്രധാനങ്ങളായി തോന്നും. ഇവ കേവലം പ്രാരംഭികമായവ മാത്രം. ഞാൻ ശീലസദാചാരങ്ങൾ പാലിക്കുമ്പോൾ മറ്റുള്ളവരോട് ദയ കാണിക്കുകയല്ല, സമൂഹത്തോട് കൃപ കാട്ടുകയല്ല, മറ്റുള്ളവരുടെ സുഖശാന്തിക്ക് ഭംഗം വരുത്താതിരിക്കുകയല്ല. മറിച്ച് എന്നോടു തന്നെയാണ് ദയ കാട്ടുന്നത്. എനിക്ക് തന്നെയാണ് നന്മയുണ്ടാകുന്നത്. കാരണം ശീലസദാചാരം പാലിക്കാതിരുന്നാൽ ഉടൻ തന്നെ എനിക്ക് പ്രകൃതിയുടെ ശിക്ഷ അനുഭവിക്കേണ്ടിവരും. എനിക്കതിഷ്ടമല്ല. ഞാൻ അശാന്തനാകുന്നു. വ്യാകുലനാകുന്നു. സ്വയം അശാന്തിയിൽ നിന്നും വ്യാകുലതയിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി എനിക്ക് ശീലസദാചാരങ്ങൾ അനുഷ്ഠിക്കണം. വളരെ വ്യക്തമായി മനസ്സിലാകും. ജാതിമത സമ്പ്രദായങ്ങളുമായി ഇതിന് ബന്ധമൊന്നുമില്ല.

ഞാൻ ഏതു ജാതിമതത്തിലെ അംഗമായിരുന്നാലും ശരി, എനിക്ക് ശീലസദാചാരം പാലിക്കണം. ഇത് എന്ന് മനസ്സിലാകുന്നുവോ, അന്നുമുതൽ ജാതിമത ചങ്ങലകൾ പൊട്ടിത്തുടങ്ങും. കാരണം ആദ്യപടിയായി ധർമ്മം സാർവ്വജനീനമാണെന്ന് മനസ്സിലായി. ജാതിമതങ്ങളിൽ കുരുങ്ങുംതോറും ധർമ്മം അപ്രധാനമായിത്തീരും. ധർമ്മം അനുഷ്ഠിച്ചാലും ഇല്ലെങ്കിലും, പ്രകൃതിയുടെ നിയമം അനുസരിച്ചാലും ഇല്ലെങ്കിലും ഞാൻ വലിയ ധർമ്മിഷ്ഠനാണ് എന്ന തെറ്റിദ്ധാരണയിലായിരിക്കും. ഞാൻ ഹിന്ദുവല്ലെ, അതുകൊണ്ട് ഞാൻ മറ്റുള്ളവരേക്കാൾ കൂടുതൽ ധർമ്മവാനാണ്. ബൗദ്ധനല്ലെ, അതുകൊണ്ട് മറ്റുള്ളവരേക്കാൾ ധർമ്മവാനാണ്. ജൈനനല്ലേ, അതുകൊണ്ട് മറ്റുള്ളവരേക്കാൾ ധർമ്മവാനാണ് എന്നും. മുസൽമാനാണ്, ക്രിസ്ത്യാനിയാണ് മുതലായ ഒരു ലഹരി തലക്കുപിടിച്ചിരിക്കും. അതോടെ ധർമ്മത്തിന്റെ ശത്രുവായിത്തീരുന്നു. ജാതിമത സമ്പ്രദായങ്ങൾ ധർമ്മത്തിന്റെ ശത്രുവാണ്, ഈ കാര്യം വളരെ നന്നായി മനസ്സിലായി തുടങ്ങും. സമ്പ്രദായങ്ങളിൽ കുരുങ്ങിക്കിടന്ന് ആ അമ്പലത്തിൽ പോയി, ആ ദേവതയെ നമസ്ക്കരിച്ചു, ആ ദേവിയെ നമസ്ക്കരിച്ചു, ഈ അനുഷ്ഠാനം ചെയ്തു, ഇന്ന് ഈ ഉപവാസമനുഷ്ഠിച്ചു, ഇന്നലെ മറ്റേ ഉപവാസമനുഷ്ഠിച്ചു, ഇന്ന വേഷം ധരിച്ചു ഇതെല്ലാം ചെയ്തതുകൊണ്ട് വലിയ ധർമ്മിഷ്ഠനായി എന്നും ധരിക്കും. എന്നാൽ ധർമ്മത്തിന്റെ തരിപോലുമില്ലാതാനും. കാരണം പ്രകൃതി നിനക്കും സമാനമായിതന്നെയാണ് ശിക്ഷ നൽകുന്നത്. നിന്നിൽ ധർമ്മമുണ്ടായിരുന്നെങ്കിൽ പ്രകൃതി ശിക്ഷിക്കുമായിരുന്നില്ല. നീ വ്യാകുലനാകുന്നുണ്ടോ? ഞാൻ വ്യാകുലനാകുന്നുണ്ടല്ലോ! എന്നാൽ പ്രകൃതി ശിക്ഷതരുകയാണല്ലോ. ഈ ഒറ്റ അളവുകോലുകൊണ്ടളന്നാൽ മതി. ഇതാണ് നോക്കുന്നത് – ഞാൻ അശാന്തനായി, എന്തോ അകത്ത് കുഴപ്പമുണ്ടായിട്ടുണ്ട്, അതുകൊണ്ടാണ് പ്രകൃതി എനിക്ക് ശിക്ഷ നൽകിയത്. പുറമെ എത്രതന്നെ പറഞ്ഞു കൊണ്ടു നടന്നാലും – ഞാൻ ഹിന്ദുവാണ്, അതുകൊണ്ട് ധർമ്മവാനാണ്, ഞാൻ മുസ്ലീമാണ്, അതുകൊണ്ട് ധർമ്മവാനാണ്, ഞാൻ ക്രിസ്ത്യാനിയാണ്, ഞാൻ ബൗദ്ധനാണ് ജൈനനാണ്... – ലഹരി തന്നെ ലഹരി! വിപശ്ശന ചെയ്താൽ അകത്ത് നോക്കും – ഞാൻ ധർമ്മവാനല്ല വ്യാകുലനാകുന്നു ഇല്ലേ? ഇപ്പോഴും അശാന്തനാകുന്നുണ്ട്, ഇല്ലേ? അശാന്തനാകുന്നുണ്ട് എന്നതു താൻ ഉള്ളിൽ വികാരം ജനിപ്പിച്ചു എന്നതിനുള്ള തെളിവാണ്. ഭയം ജനിപ്പിക്കുന്നു, രാഗം ജനിപ്പിക്കുന്നു, ദ്വേഷം ജനിപ്പിക്കുന്നു, ഈർഷ്യ ജനിപ്പിക്കുന്നു, അഹങ്കാരം ജനിപ്പിക്കുന്നു.... അപ്പോഴെല്ലാം വ്യാകുലനായിത്തീരുന്നു. അപ്പോൾ ധർമ്മവാനല്ല, ഞാൻ ധർമ്മത്തിൽ വിശ്വസിക്കുന്നില്ല. ധർമ്മം പ്രകൃതിയുടെ നിയമമാണ്. പ്രകൃതിയുടെ നിയമത്തെ അനുസരിക്കുന്നയാൾ എങ്ങനെ വ്യാകുലനാകും? എങ്ങനെ അശാന്തനാകും? പ്രകൃതിയുടെ നിയമമനുസരിച്ച് ജീവിക്കുന്നയാൾ മനസ്സിൽ വികാരം ഉണരുവാനനുവദിക്കുകയില്ല. അങ്ങനെയെങ്കിൽ പറയാം ഇപ്പോൾ ഞാൻ ധർമ്മവാനാണെന്ന്. പ്രകൃതിയുടെ നിയമമനുസരിച്ച് തന്റെ ജീവിതം രൂപപ്പെടുത്തുവാൻ തുടങ്ങി. ശരിക്കും മനസ്സിലായി തുടങ്ങും. അതുകൊണ്ടാണ് വീണ്ടും വീണ്ടും പറയുന്നത് വിപശ്ശനയുടെ, അതായത്, ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന വ്യക്തി സമ്പ്രദായങ്ങളിൽ കുരുങ്ങികിടക്കുകയില്ല. ഇപ്പോഴും സമ്പ്രദായങ്ങളിൽ കുരുങ്ങി കിടക്കുകയാണെങ്കിൽ പാവം ദയാർഹനാണ്. ധർമ്മത്തെ ഇപ്പോഴും മനസ്സിലാക്കിയിട്ടില്ല. മനസ്സിലാക്കുന്ന ദിവസം ഈ സമ്പ്രദായവാദികളെ വെറുക്കുകയില്ല, അവരോട് ദേഷ്യവും തോന്നുകയില്ല. അല്ലെങ്കിൽ വീണ്ടും ധർമ്മം പതറി, മനസ്സ് മുഷിഞ്ഞു; ധർമ്മത്തിൽ ഉറക്കുന്നില്ല. ഇവരോട് കരുണ ഉണരും, സദ്ഭാവന ഉണരും – ഈ പാവങ്ങൾ കുരുങ്ങിക്കിടക്കുന്നവരാണ്! എന്താണ് ചെയ്യുന്നത് എന്ന ബോധമേയില്ല. സ്വയം ധർമ്മവാനെന്ന് വിശ്വസിക്കുന്നു, എന്നാൽ ധർമ്മത്തിന്റെ തരിപോലുമില്ല. മനസ്സിനെ വികാരം (മനോമാലിന്യം) കൊണ്ട് വികൃതമാക്കിക്കൊണ്ടിരിക്കുകയാണ് പക്ഷെ ധർമ്മവാനാണെന്ന് ധരിക്കുകയും ചെയ്യുകയാണ്. ധർമ്മവാനല്ല, ഈ പാവങ്ങൾക്ക് മനസ്സിലെ വികാരങ്ങളെ അകറ്റുന്നതിന് ഈ ധർമ്മവിദ്യ എങ്ങനെ ലഭ്യമാകും? ഇവർ യഥാർത്ഥത്തിൽ ധർമ്മവാൻമാരായിത്തീരുവാൻ, സുഖികളായിത്തീരുവാൻ, ശാന്തരായിത്തീരുവാൻ അശാന്തിയിൽ നിന്നും മോചനം ലഭിക്കുവാൻ, ഈ ധർമ്മ വിദ്യ എങ്ങനെ ലഭ്യമാകും. ഇപ്രകാരം കരുണ ഉണരും, സദ്ഭാവന ഉണരും. ധർമ്മം ആരെയും വെറുക്കുവാൻ പഠിപ്പിക്കുകയില്ല. അപ്പോൾ ആദ്യപടിയായി ശീലവും സദാചാരവും നിറഞ്ഞ ജീവിതം നയിക്കുന്നതെന്തിനുവേണ്ടിയാണെന്ന് മനസ്സിലാകും.....തുടരും.